Dated : 13/09/2021

# ഗൃഹനാഥയേയും മകനേയും ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചിട്ട് ഒളിവിലായിരുന്ന യുവാവ് ഒരു വർഷത്തിന് ശേഷം പോലീസ് പിടിയിലായി

കൊല്ലം : കരുനാഗപ്പള്ളി അയണിവേലിക്കുളങ്ങരയിൽ അർദ്ധരാത്രി വീട്ടിൽ കടന്ന് കയറി ഗൃഹനാഥയേയും മകനേയും ആക്രമിച്ചിട്ട് ഒളിവിലായിരുന്ന യുവാവ് ഒരു വർഷത്തിന് ശേഷം പോലീസ് പിടിയിലായി. കരുനാഗപ്പള്ളി അയണിവേലിക്കുളങ്ങര വടക്ക് എസ്.വി.എം പി.ഒായിൽ പുത്തൻവീട്ടിൽ ബിജുകുമാർ മകൻ ആകാശ് (21) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ ഒക്ടോബറിലാണ് അറസ്റ്റിനാധാരമായ സംഭവം നടക്കുന്നത്. ഒക്ടോബർ 25ന് കരുനാഗപ്പള്ളി കൊതുക് മുക്കിൽ വച്ച് ധരിക്കാതിരുന്ന പ്രതികളിൽ ഒരാളോട് മാസ്ക ധരിക്കാൻ ആവശ്യപ്പെട്ട ഷിനാസ് എന്ന യുവാവുമായി തർക്കത്തിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് പ്രതികളായ നാല് പേരടങ്ങിയ സംഘം അന്ന് അർദ്ധരാത്രി അയണിവേലിക്കുളങ്ങരയുള്ള ഷിനാസിന്റെ വീട് കയറി ആക്രമണം നടത്തുകയായിരുന്നു. കമ്പിപ്പാര കൊണ്ടുള്ള ആക്രമണത്തിൽ ഷിനാസിന് ഗുരുതരമായി പരിക്കേൽക്കുകയാരിന്നു. കൊലയാളി സംഘത്തിൽ നിന്നും മകനെ രക്ഷിക്കാൻ ശ്രമിച്ച ഇയാളുടെ മാതാവിനെയും സംഘം ആക്രമിക്കുകയും മാനഹാനി വരുത്തുകയും ചെയ്തു. ഈ വീടിന് കേടുപാടുകളും ഉണ്ടാക്കിയിട്ടാണ് സംഘം മടങ്ങിയത്. സംഭവത്തിൽ ഉൾപ്പെട്ട മറ്റു മൂന്ന് പേരെ വിവിധ സമയങ്ങളിലായി കരുനാഗപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ദീർഘനാളായി ഒളിവിലായിരുന്ന സംഘാഗമായ യുവാവിനെ സംബന്ധിച്ച് ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഇയാൾ കരുനാഗപ്പള്ളിയിൽ നിന്നും പിടിയിലാകുകയായിരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ജി. ഗോപകുമാർ, എസ്സ്.ഐ അലോഷ്യസ്, എ.എസ്സ്.ഐ നൗഷാദ് എന്നിവരടങ്ങിയ സംഘമാണ് ഇയാളെ പിടികൂടിയത്.




# ക്വാറന്റൈൻലംഘനത്തിന് പതിനാറ് പേർക്കെതിരെ കേസ് എടുത്ത് കൊല്ലം സിറ്റി പോലീസ്

കൊല്ലം : സമ്പർക്ക വിലക്ക് ലംഘിച്ച് പൊതുസമൂഹത്തിൽ സൈ്വര്യ സഞ്ചാരം നടത്തിയ പതിനാറ് പേർ പോലീസ് നടപടിക്ക് വിധേയമായി. കഴിഞ്ഞ 24 മണിക്കൂറിനുള്ളിലാണ് ഇത്രയും പേർ നടപടിക്ക് വിധേയരായത്.

ശക്തികുളങ്ങരയിൽ സമ്പർക്ക വിലക്കിൽ കഴിഞ്ഞ് വന്ന സ്ത്രീ വിലക്ക് ലംഘിച്ച് സമീപത്തെ ഇവരുടെ ഉടമസ്ഥതയിലുള്ള വ്യാപാര സ്ഥാപനത്തിൽ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഇവർക്കെതിരെ കേസ് എടുത്തത്. വിവിധ സ്ഥലങ്ങളിൽ ആരോഗ്യപ്രവർത്തകരുടെയും ആശ വർക്കർമാരുടെയും ജനമൈത്രി പോലീസിന്റെയും സംയുക്ത നിരീക്ഷണത്തിലാണ് സമ്പർക്കവിലക്കിൽ ഏർപ്പെട്ടവരെ കണ്ടെത്തി നടപടി സ്വീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ശക്തികുളങ്ങര, കൊല്ലം ഈസ്റ്റ്, ഇരവിപുരം, ചാത്തന്നൂർ, പാരിപ്പള്ളി എന്നീ പോലീസ്സ്റ്റേഷനുകളിൽ ഒരോരുത്തർക്കെതിരെയും തെക്കുംഭാഗം, കൊട്ടിയം, ചവറ, അഞ്ചാലുംമൂട് എന്നീ പോലീസ്സ്റ്റേഷനുകളിൽ രണ്ട്

പേർക്കെതിരെയും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ മൂന്ന് പേർക്കെതിരെയുമാണ് പകർച്ച വ്യാധി പ്രതിരോധ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തത്. കോവിഡ് രോഗ ബാധയിൽ ഗൃഹവാസ ചികിത്സയിൽ ഇരിക്കുന്നവർ അവരുടെയും പൊതു സമൂഹത്തിന്റെയും സുരക്ഷിതത്തിന് കർശനമായ ക്വാറന്റെൻ വ്യവസ്ഥകൾ പാലിക്കണമെന്നും ക്വാറന്റെൻ വ്യവസ്ഥ ലംഘിക്കുന്നവരെ ഡോമിസിലറി കെയർ സെന്ററുകളിലേക്ക് മാറ്റി